## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആ.വ.ഡ. - ശ്രീമതി. രഞ്ജുഷ ടി എസ് റേഡിയോഗ്രാഫർ ഗ്രേഡ് II, താലൂക്ക് ആസ്ഥാന ആശുപത്രി, പീരുമേട്, ഇടുക്കി- റേഡിയോഗ്രാഫർ ഗ്രേഡ് II കേഡറിലെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ 27.05.2025 തീയതിയിലെ DMOH-IDK/2186/2025 നം. കത്ത്.
2. കാരണം കാണിക്കൽ നോട്ടീസ് നമ്പർ DHS/14478/2025-EF3, തീയതി: 23.06.2025.

**ഉത്തരവ് നം: ആ.വ.ഡ./14478/2025-ഇ.എഫ്.3, തീയതി: 07-03-2026**

---

ശ്രീമതി. രഞ്ജുഷ ടി എസ് റേഡിയോഗ്രാഫർ ഗ്രേഡ് II, താലൂക്ക് ആസ്ഥാന ആശുപത്രി, പീരുമേട്, ഇടുക്കി 03.11.2020 ൽ റേഡിയോഗ്രാഫർ ഗ്രേഡ് II ആയി ആരോഗ്യവകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. താലൂക്ക് ആസ്ഥാന ആശുപത്രി, പീരുമേട്, ഇടുക്കിയിൽ റേഡിയോഗ്രാഫർ ഗ്രേഡ് II ആയി ജോലി ചെയ്യവേ 05.11.2020 മുതൽ ശ്രീമതി. രഞ്ജുഷ ടി എസ്, റേഡിയോഗ്രാഫർ ഗ്രേഡ് II അനധികൃതമായി ജോലിക്കു ഹാജരാകുന്നില്ലെന്നു പരാമർശം (1) പ്രകാരം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് & കണ്ടക്ട് (Work&Conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിനു കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിനു പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ശ്രീമതി. രഞ്ജുഷ ടി എസ് കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയെങ്കിലും ആയതിനു ഇതുവരെ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ല.

05.11.2020 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷനർ ആയ ശ്രീമതി. രഞ്ജുഷ ടി എസ് ന്റെ വർക്ക് & കണ്ടക്ട് തൃപ്തികരമല്ല എന്നു വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ശ്രീമതി. രഞ്ജുഷ ടി എസ്, റേഡിയോഗ്രാഫർ ഗ്രേഡ് II ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ

സേവനത്തിൽ നിന്നും നീക്കം ചെയ്യുവാൻ പരാമർശം (2) പ്രകാരം എടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി **05.11.2020** തീയതി പ്രാബല്യത്തിൽ ടിയാളെ സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Reena K J
Date: 07-03-2026
12:57:32

**Dr REENA K J**
**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

Renjusha T S
Pavoor,
Muzhangodi,
Kalleli Bhagam,
Kollam 690518

പകർപ്പ്:-

1. ജില്ല മെഡിക്കൽ ഓഫീസർ, ഇടുക്കി.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് (പ്രസിദ്ധീകരണത്തിന്)
3. ഫയൽ/കരുതൽ ഫയൽ